2023
നവംബർ

# കില
വാർത്താ പത്രിക



ശിൽപശാലകളും പരിശീലനവും കിലയുടെ കരുത്ത് 3
അറിവ് പകുത്തു നൽകി വളരണം 6
രുചിക്കൂട്ടിന്റെ റാണിമാർ ദാ ഇവിടെ 8



www.kila.ac.in KERALA INSTITUTE OF LOCAL ADMINISTRATION Volume 1, Issue 2 For Private Circulation Only


## നവ കേരള സദസിനെ വരവേറ്റ് കില



നവകേരള സദസ്സിന്റെ മുന്നോടിയായി ഡിസംബർ മൂന്നിന് മുഖ്യമന്ത്രിയും മറ്റു മന്ത്രിസഭാംഗങ്ങളും തൃശൂർ മുളങ്കുന്നത്തുകാവ് കിലയിൽ എത്തിയത് പ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജവും മാനവും നൽകി.

ഡിസംബർ നാലിന് പ്രഭാതഭക്ഷണത്തിന് ശേഷം പൗരപ്രമുഖരുമായി സംവാദങ്ങളും തുടർന്ന് പത്രസമ്മേളനവും കിലയിൽ നടന്നു.

നവ കേരളസദസ്സിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലം വികസന സെമിനാറും കിലയിൽ സംഘടിപ്പിച്ചു. വികസന സെമിനാറിൽ വിവിധ മേഖലകളിലായി അഞ്ഞൂറോളം പേരാണ് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചത്.

സംസ്ഥാന പ്ലാനിങ് ബോർഡ്അംഗം ഡോ. ജിജു പി. അലക്സ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ എസ് കൃപകുമാർ, സിമാറ്റ് ഡയറക്ടർ ഡോ. എൻരഘു, ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർ ഡോ. എ.കെ മനോജ് കുമാർ, തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ബി ഷീല, തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ജിയോ ജോബ്, വർഗ്ഗീസ് തരകൻ തുടങ്ങിയവർ വികസന സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

ആറ് സെഷനുകളിലെ ചർച്ചകൾ ക്രോഡീകരിച്ച് വടക്കാഞ്ചേരി മണ്ഡലത്തിലെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ദിശാബോധം നൽകുന്ന വികസനരേഖ സെമിനാറിന്റെ ഭാഗമായി കില അധികൃതർ തയ്യാറാക്കുകയും ചെയ്തു.

## കേരളത്തിന്റെ മനസറിഞ്ഞ കേരളീയം





കേരളത്തിന്റെ മുഖമുദ്രയായി കേരളീയം മാറുമെന്ന് മുഖ്യമന്ത്രി പിണറായിവിജയൻ.

കേരളപിറവി ദിനത്തിൽ സംസ്ഥാന സർക്കാരിന്റെ കേരളീയത്തിന് ഉജ്ജ്വല തുടക്കം കുറിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കമൽഹാസൻ, മോഹൻലാൽ, മമ്മൂട്ടി, ശോഭന തുടങ്ങുന്ന താരനിരകൾ ചടങ്ങിൽ വിശിഷ്ടാതിഥികളായി. സാംസ്കാരിക-വ്യാവസായിക നയതന്ത്രരംഗത്തെ പ്രമുഖർ പങ്കെടുത്തു.

മലയാളികളുടെ മഹോത്സവം എന്നു സർക്കാർ വിശേഷിപ്പിക്കുന്ന കേരളീയം കവടിയാർ മുതൽ കിഴക്കേ കോട്ട വരെ 42 വേദികളിലായി ഒരാഴ്ചക്കാലം തലസ്ഥാനത്തു ഉത്സവചരായ തീർത്തിരുന്നു.

തദ്ദേശസ്വയംഭരണഎക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷിന്റെ ഉദ്ഘാടന പ്രസംഗത്തോടെയാണ് കേരളത്തിലെ തദ്ദേശ സ്വയം ഭരണം എന്നവിഷയത്തിൽ കേരളീയം സെമിനാർ ആരംഭിച്ചത്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും അതിഥികൾക്കും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള 400 ഓളം സദസ്സിനും മന്ത്രി ആശംസകൾ അറിയിച്ചു.

73, 74 ഭരണഘടനാ ഭേദഗതികളുടെ ഫലമായി ആസൂത്രണത്തിലും തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിലും എൽഎസ്ജിഡികൾക്ക് കൂടുതൽ വിഭവങ്ങളും അധികാരവും വികസിപ്പിച്ചതും ജനപങ്കാളിത്തവും ഉണ്ടായി. അടുക്കളയുടെ പരിമിതിയിൽനിന്ന് പൊതു രംഗത്തേക്ക് സ്ത്രീകളെ കൊണ്ട് വന്ന കുടുംബശ്രീയുടെവിജയത്തെയും, 2018, 2019 വെള്ളപ്പൊക്കം, 2020-2021 COVID-19 എന്നിവയുടെപ്രതിസന്ധി ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച സുപ്രധാന പങ്കിനെയും അദ്ദേഹം അഭിനന്ദിച്ചു.

തദ്ദേശ സ്വയംഭരണശൃംഖലയുടെശക്തമായ അടിത്തറ കാരണം സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യാൻ സാധിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പൊതുജനാരോഗ്യത്തിനായുള്ള ആർദ്രം, പൊതുവിദ്യാഭ്യാസത്തിന്റെ പുനരുജ്ജീവനം, സുസ്ഥിര വികസനത്തിനായുള്ള ഹരിതകേരളം മിഷൻ, പൊതുഭവനനിർമ്മാണത്തിനായുള്ള ലൈഫ് മിഷൻ, എന്നീ 4 മിഷനുകൾ നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായ പങ്കും നേതൃത്വവും വഹിച്ചിട്ടുണ്ടെന്നും, പ്രാദേശിക സാമ്പത്തിക വികസനത്തിന്, സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിലും ആസൂത്രണ പ്രക്രിയകളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സജീവ പങ്കാളികളാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.



## സാഹിത്യ നഗരപദവി കോഴിക്കോടിനു സ്വന്തം

ഇന്ത്യയിൽ സാഹിത്യ നഗര പദവി ലഭിക്കുന്ന ആദ്യത്തെ നഗരമായി കോഴിക്കോട്. ഇന്ത്യയിൽ സാഹിത്യ നഗര പദവി ലഭിക്കുന്ന ആദ്യത്തെ നഗരമായി കോഴിക്കോട്.

ലോകത്തെ 55 നഗരങ്ങളാണ് യുനസ്കോയുടെ പട്ടികയിൽഉൾപ്പെട്ടിരിക്കുന്നത്. സംഗീത നഗരങ്ങളുടെ പട്ടികയിൽ മധ്യപ്രദേശിലെ ഗ്വാളിയാറും ഇടം നേടിയിട്ടുണ്ട്. സാഹിത്യ നഗരപദവിയിലേക്ക് കോഴിക്കോടിനെഎത്തിച്ചതിൽ എല്ലാവർക്കും നന്ദിയുണ്ടെന്ന് മേയർ ബീനഫിലിപ്പ് പറഞ്ഞു. വികസന തന്ത്രങ്ങളുടെ ഭാഗമായി സംസ്കാരവും സർഗ്ഗാത്മകതയുംഉപയോഗപ്പെടുത്തുന്നതിലും നഗര ആസൂത്രണത്തിൽ നൂതനമായ സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുന്നതിലുമുള്ള പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമായിട്ടാണ് യുനെസ്കോ, പദവി നൽകിയത്. ’യുനെസ്കോയുടെ സാഹിത്യനഗര ബഹുമതി ലഭിച്ചതോടെ സാഹിത്യ കലയോടുള്ള കോഴിക്കോടിന്റെ അഭിനിവേശം ആഗോളതലത്തിൽ ഇടം നേടിയിരിക്കുന്നു. ഊർജ്ജസ്വലമായ സാഹിത്യപാരമ്പര്യമുള്ള ഈ നഗരം പഠനത്തെയും കഥാകഥനത്തെയും പ്രതിനിധാനം ചെയ്യുന്നു സാഹിത്യത്തോടുള്ള കോഴിക്കോടിന്റെ അഗാധമായ സ്നേഹംലോകമെമ്പാടുമുള്ള എഴുത്തുകാരെയും വായനക്കാരെയും പ്രചോദിപ്പിക്കുന്നത് തുടരട്ടെയെന്ന് ’പ്രധാനമന്ത്രി നരേന്ദ്ര മോഡി ടിറ്ററിൽ കുറിച്ചു.

’മുത്താണ് ഞമ്മടെ കോയിക്കോട് ’

പാട്ട്പോലെ മൊഞ്ചുള്ള കോഴിക്കോടിനു ഇനി അഭിമാനിക്കാം. എന്ത് കൊണ്ട് കോഴിക്കോടെന്ന് ചോദിച്ചാൽ പറയാനുണ്ടേറെ, മലയാള സാഹിത്യമെന്ന്കേട്ടാൽ മലയാളിക്ക് മനസിലുദിക്കുന്ന ഹൃദയത്തോട് ചേർത്ത ഒരുപാടു എഴുത്തുകാരും അവരുടെ കഥാപാത്രങ്ങളും ജീവിക്കുന്ന ഇടം.എസ് കെപൊറ്റക്കാടിന്റെയും ബഷീർ കഥാപാത്രങ്ങളുടെ പ്രതിമയുമെല്ലാംകോഴിക്കോടിന്റെ സാഹിത്യ ഭംഗി വിളിച്ചോതുന്നവയാണ്.സാംസ്കാരികകേന്ദ്രങ്ങൾ ചൂണ്ടികാണിക്കുന്ന മിഠായി തെരുവിനും മാനാഞ്ചിറക്കുമെല്ലാം നഗരത്തിന്റെ മുഖമാണ് . ബഷീർ, പൊറ്റക്കാട് ,തിക്കൊടിയൻ, എം.ടി വാസുദേവൻ നായർ തുടങ്ങിയ പ്രശസ്ത എഴുത്തുകാരന്മാർക്ക് ജന്മം കൊടുത്ത ഈ നാട് സാധാരണ ജനങ്ങളെ സാഹിത്യത്തോട് ചേർത്ത് നിർത്തുന്നു.


# ഞമ്മടെ കോഴിക്കോട് സാഹിത്യ നഗര പദവിയിലേക്ക്

## പ്രവർത്തന പങ്കാളിത്തത്തിൽ കിലയും

2022-ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഈ ആശയം മുന്നോട്ടു വച്ചതോടെയാണ് സാഹിത്യ നഗരമാവാനുള്ള കോഴിക്കോടിന്റെ യാത്ര ആരംഭിച്ചത്.

തുടർന്ന് കോഴിക്കോട് കോർപ്പറേഷൻ അതിവേഗം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

തയ്യാറെടുപ്പ് പ്രക്രിയയിൽ സഹായത്തിനായി ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗ് സർവകലാശാലയെ സമീപിച്ചു. ഇത് കോഴിക്കോടിനെ നഗര പദവിയിലേക്ക് എത്തി ചേരാൻ സഹായിച്ചു. ഈ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളിത്തം വഹിച്ചത് കിലയായിരുന്നു.





## തദ്ദേശ സ്ഥാപന അതിജീവനത്തിന് പുതിയ പ്ലാൻ: മന്ത്രി എം ബി രാജേഷ്

ദുരന്തങ്ങളെ ഫലപ്രദമായി അതിജീവിക്കുന്നതിന് റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ തയ്യാരായതായി തദ്ദേശ സ്വയം ഭരണ മന്ത്രി എം ബി രാജേഷ് പ്രഖ്യാപിച്ചു.

ദുരന്തങ്ങളെ ഫലപ്രദമായി അതിജീവിക്കുന്നതിനും സംസ്ഥാനത്തെനഗരപ്രദേശങ്ങളുടെ ആസൂത്രണം മെച്ചപ്പെടുത്തുന്നതിനും വേണ്ടി ലോകബാങ്കിന്റെയും മറ്റ് അന്താരാഷ്ട്ര ഏജൻസികളുടെയും പിന്തുണയോടെ റീ ബിൽഡ്കേരള നടപ്പിലാക്കുന്ന പ്രോഗ്രാം ഫോർ റിസൾട്സ് (P for R) പദ്ധതിയുടെ ഭാഗമായി പരിശീലന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തി.ദുരന്തസാധ്യത തിരിച്ചറിഞ്ഞുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നഗര തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനായി ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രക്രിയയിൽ നേരിട്ട്ഉൾപ്പെടുന്നവർ എന്നിവർക്കായി വിപുലമായ പരിശീലന പരിപാടികളാണ്തയ്യാറാക്കിയിട്ടുള്ളത്.

പരിശീലന പരിപാടിയിൽ റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന രീതി, കാലാവസ്ഥാ വ്യതിയാന തയ്യാറെടുപ്പുകൾ, പ്രാദേശിക തലത്തിലുള്ള ദുരന്ത ലഘൂകരണ തന്ത്രങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം കിലയുമായി (KILA) ചേർന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും (KSDMA), തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗും സംയുക്തമായാണ് നടത്തുന്നത്.പമ്പാ നദീതടപ്രദേശത്ത് ഉൾപ്പെട്ടുവരുന്ന ആലപ്പുഴ, അടൂർ, പത്തനംതിട്ട,മാവേലിക്കര, ഹരിപ്പാട്, കായംകുളം, പന്തളം, ചങ്ങനാശ്ശേരി, തിരുവല്ലനഗരസഭകളിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരെയുമാണ് പരിശീലനപരിപാടികളിൽ പങ്കെടുപ്പിക്കുന്നത്.

പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മസ്കറ്റ്ഹോട്ടലിൽ വച്ച് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം. ബി.രാജേഷ് നിർവ്വഹിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഐ എ എസ് അധ്യക്ഷത വഹിച്ചു.

കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, ഡിസാസ്റ്റർ മാനേജ്മന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുരിയാക്കോസ്, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ എൻ. രാജേഷ്, പത്തനംതിട്ട അടൂർ, തിരുവല്ല, ചെങ്ങന്നൂർ നഗരസഭകളുടെചെയർപേഴ്സൺമാരായ അഡ്വ. സക്കീർ ഹുസൈൻ, ദിവ്യ റെജി മുഹമ്മദ്, അനുജോർജ്, സൂസമ്മ എബ്രഹാം, ഹരിപ്പാട് നഗരസഭ വൈസ് ചെയർപേഴ്സൺ സുബിപ്രജിത്ത്, ചീഫ് ടൗൺ പ്ലാനർമാരായ പ്രമോദ് കുമാർ സി പി, പ്രശാന്ത് എച്ച്, കിലഅർബൻ ചെയർ പ്രൊഫസർ ഡോ.അജിത് കാളിയത്ത്, വിവിധ നഗരസഭകളിലെ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



### ഉന്നതിയിലേക്ക്...

പട്ടികവർഗ്ഗ പട്ടിക ജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കിലയും കേരള സർക്കാരും സംയുക്തമായി ചേർന്ന് സംഘടിപ്പിച്ച വിദ്യാഭ്യാസ പദ്ധതിയുടെ രൂപമാണ് 'ഉന്നതി'. 'മുന്നോട്ട്' സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ 2022-23 അദ്ധ്യായന വർഷത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ 2022 ഫെബ്രുവരിമാസാവസാനത്തോടെ അവസാനിക്കുകയും തുടർന്ന് 2023-24 അദ്ധ്യായന വർഷത്തെ പഠന ക്ലാസ്സുകൾ 'ഉന്നതി' എന്ന പുനർനാമീകരണത്തോടെ 2023 ജൂലൈ 15-ാം തീയ്യതി പുനരാരംഭിക്കുകയുമുണ്ടായി.

കഴിഞ്ഞ അധ്യയന വർഷങ്ങളിൽഷോളയൂർ ഗവ: ട്രൈബൽ ഹൈ സ്കൂൾ വിദ്യാർഥികളെ മാത്രം ഉൾക്കൊള്ളിച്ചു നടത്തിയിരുന്ന പരിശീലന പരിപാടി ഈ അദ്ധ്യായന വർഷം മുതൽ ഗവ: ട്രൈബൽ ഹൈസ്കൂൾ പുതൂർ, ഗവ: ഹൈസ്കൂൾ അഗളി എന്നീ തസ്തികകളിൽ നിന്നും സ്ക്രീനിങ് ടെസ്റ്റിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളെ കൂടെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ആരംഭിച്ചിരിക്കുന്നത്.

പ്രസ്തുത പരിപാടിയുടെ പഠന ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായിഇരുപത് ആനിമേറ്റർമാരെ അഭിമുഖത്തിലൂടെ തിരഞ്ഞെടുക്കുകയും അവർക്ക് വേണ്ടപരിശീലനങ്ങളും നിർദേശങ്ങളും കില അഗളി പ്രാദേശിക കേന്ദ്രത്തിൽ നടത്തി വരുന്നു.

സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രീതികളും വ്യക്തിത്വവികസനവും എന്ന വിഷയത്തിലാണ് പരിശീലനവും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ടായിരുന്നത്. വിദ്യാർത്ഥികളുടെ രക്ഷിതാക്കളെയും ഈ പരിശീലനത്തിൽ പങ്കാളികളാക്കിയിട്ടുണ്ട്. വിദ്യാർഥികളുടെ പഠന നിലവാരംമെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി ആരംഭിച്ച 'ഉന്നതി' സമഗ്രവിദ്യാഭ്യാസ പരിപാടിയ്ക്കായി 202324 അദ്ധ്യായന വർഷത്തെ വിദ്യാർഥികളെകണ്ടെത്തുക എന്നത് അതി കഠിനമായ പ്രക്രിയ തന്നെയായിരുന്നു.

ആയതിനാൽ വിദ്യാർഥികളെ കണ്ടെത്തുന്നതിനായി പ്രസ്തുത പരിപാടിയ്ക്കായിതിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആനിമേറ്റർമാരുടെ സഹായത്തോടുകൂടെ പ്രത്യേക സ്ക്രീനിങ് ടെസ്റ്റ് ടൂൾ തയ്യാറാക്കുകയും ഗവ: ട്രൈബൽ ഹൈസ്കൂൾ പുതൂർ, ഗവ:ട്രൈബൽ ഹൈസ്കൂൾ ഷോളയൂർ ഗവ:ഹൈസ്കൂൾ അഗളി തുടങ്ങിയ സ്കൂളുകളിൽ നേരിട്ട് സ്ക്രീനിങ് ടെസ്റ്റ് സംഘടിപ്പിക്കുകയും തിരഞ്ഞെടുപ്പ് പ്രക്രിയ കൃത്യമായി സംഘാടനത്തിലൂടെ നിർവ്വഹിക്കുകയും ചെയ്തു.

### ഹിമാചൽ സംഘം കിലയിൽ

കേരളത്തിലെ പഞ്ചായത്തിരാജ് അധികാര വികേന്ദ്രീകരണം സംവിധാനത്തെസംബന്ധിച്ച് നേരിട്ട് മനസിലാക്കുന്നതിനും കുടുംബശ്രീ സംവിധാനത്തെ കുറിച്ചും നേരിട്ട് മനസിലാക്കുന്നതിനു വേണ്ടി ഹിമാചൽ പ്രദേശ് സംസ്ഥാനത്തു നിന്ന് ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന 30 അംഗ ടീം നവംബർ 20 മുതൽ25 വരെ കില സന്ദർശിക്കുകയാണ്.

ഇതിന്റെ ഭാഗമായി പ്രസ്തുത ടീം തൃശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ലയിലെ വാഴക്കുളംബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾസന്ദർശിക്കുവാനുദ്ദേശിക്കുന്നു. നവംബർ 22ന് വലപ്പാട് ഗ്രാമപഞ്ചായത്തും നവംബർ 23ന് വാഴക്കുളം ബ്ലോക്ക്പഞ്ചായത്തുമാണ് യഥാക്രമംസന്ദർശിക്കുന്നത്.

ഇരുതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റും അംഗങ്ങളും സന്നിഹിതരായി സന്ദർശനാംഗങ്ങളുമായി ഒരു ചർച്ചയ്ക്ക് വേദിയൊരുക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളേയുംപദ്ധതികളെയും സംബന്ധിച്ച് ഇംഗ്ലീഷിലൊഹിന്ദിയിലോ ഒരു പവർ പോയിന്റ് അവതരണവും കൂടാതെ ഏതെങ്കിലും ഒരു ഘടക സ്ഥാപനം സന്ദർശിക്കാനും കൂടി ഈപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



# ശിൽപശാലകളും ബോധവത്കരണവും പരിശീലനവും കിലയുടെ കരുത്ത്



## പഞ്ചായത്ത് ദേശീയ ശിൽപശാല

ദേശീയ പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ മുഖേന ഗ്രാമീണമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിനായുള്ള 17 സുസ്ഥിരവികസന ലക്ഷ്യങ്ങൾ അടങ്ങുന്ന വിഷയപരമായ സമീപനം കേന്ദ്രസർക്കാരിന്റെപഞ്ചായത്തിരാജ് മന്ത്രാലയം (MOPR) വികസിപ്പിച്ചെടുത്തിട്ടുണ്ട്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തീമാറ്റിക് സമീപനത്തെക്കുറിച്ച്പഞ്ചായത്തുകളുടെ ഭരണശേഷി വർധിപ്പിക്കുന്നതിനും നൂതന മാതൃകകളുടെമികച്ച സമ്പ്രദായങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള വേദിയൊരുക്കുന്നതിനുമായി ദേശീയ ശിൽപശാലകൾ/സെമിനാറുകളുടെ പരമ്പരകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ദേശീയ പഞ്ചായത്തിരാജ് മന്ത്രാലയവുമായി 2023 ജൂൺ 6ന്നേടന്ന വെർച്വൽ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് വികസനസൂചികയെക്കുറിച്ചുള്ള (Panchayath Development Index)ആദ്യത്തെ ഏകദിനറീജിയണൽ ശിൽപശാല 2023 ജൂലൈ 4ന് കിലയിൽ സംഘടിപ്പിച്ചിരുന്നു.ഇതിനോടനുബന്ധിച്ച് 2023 ഒക്ടോബർ 27ന് തൃശ്ശൂരിലെ കിലഹെഡ്ക്വാർട്ടേഴ്സിൽ വച്ച് ഒരു പരിശീലക പരിശീലനം (ToT) സംഘടിപ്പിച്ചു.മുഖ്യ അതിഥി ആയി എൻ.ഐ.സി ഹെഡ് ക്വാട്ടേഴ്സിൽ നിന്ന് സീനിയർടെക്നിക്കൽ ഡയറക്ടർ ആയ ശ്രീമതി. സുനിത ജെയിൻ പങ്കെടുത്തു.വിവിധ വകുപ്പുകളിൽ നിന്നും 762 ഉദ്യോഗസ്ഥർ പങ്കെടുത്തു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ശ്രീമതി.ജോസ്ന മോൾ (ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽഡയറക്ടറേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ്), ശ്രീ. അമൃത് രാജ് (കില ഫാക്കൽറ്റി)എന്നിവർ സെഷൻസ് പങ്കിട്ടു .

## നിയമ ശില്പശാല നടന്നു

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ സംവിധാനങ്ങളെ പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി നിയമവിദ്യാർത്ഥികളുടെ സഹായം തേടുന്നതിനോട് അനുബന്ധിച്ച് നിയമവിദ്യാർത്ഥികൾക്കായി രണ്ടു ദിവസത്തെ പരിശീലനം കില ആസ്ഥാനത്ത് നടന്നു.



**ആനിമേറ്റർമാരുടെ സഹായത്തോടുകൂടെ പ്രത്യേകസ്ക്രീനിങ് ടെസ്റ്റ് ടൂൾ തയ്യാറാക്കുകയും ഗവ: ട്രൈബൽ ഹൈസ്കൂൾ പുതൂർ, ഗവ:ട്രൈബൽ ഹൈസ്കൂൾ ഷോളയൂർ ഗവ:ഹൈസ്കൂൾ അഗളി തുടങ്ങിയ സ്കൂളുകളിൽ നേരിട്ട് സ്ക്രീനിങ് ടെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തത് കിലയുടെയും ജീവനക്കാരുടെ കഴിവു തെളിയിക്കുന്ന സംഭവങ്ങളായിരുന്നു..**



ഒക്ടോബർ 13,14 തീയതികളിൽ നടന്ന പരിപാടിയിൽ കേരളത്തിലെ വിവിധ നിയമവിദ്യാലയങ്ങളിൽ നിന്ന് 65 ഓളം പേർ ഈ പരിശീലനത്തിൽ പങ്കെടുത്തു.

ക്യാമ്പയിനുമായി ബന്ധപ്പെട്ട എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെപ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും കുറ്റമറ്റതാക്കുന്നത്തിനും വേണ്ടി എം.സി.എഫ്, ആർ.ആർ.എഫ് സംവിധാനങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു പരിശീലക പരിശീലനവും കണ്ണൂരിൽ വച്ച് ഒക്ടോബർ 18,19 തീയതികളിൽ നടന്നു.

പരിശീലനത്തിൽ വിവിധജില്ലകളിൽ നിന്നായി 90ഓളം പേർ പങ്കെടുത്തു. മാലിന്യ സംസ്കരണം ആയിബന്ധപ്പെട്ട് നഗരസഭകളിലെ സെക്രട്ടറിമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഉള്ള രണ്ടു ദിവസത്തെ പരിശീലനം ഒക്ടോബർ 30,31 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് നടന്നു.

രണ്ടുദിവസമായി നടന്നപരിശീലനത്തിൽ 340ഓളം പേർ പങ്കാളികളായി.

## നവ മാധ്യമ ശില്പശാല

തദ്ദേശ സ്വയംഭരണ വകുപ്പിലെയും എക്സൈസ് വകുപ്പിലെയും ജീവനക്കാർക്കുള്ള രണ്ടു ദിവസത്തെ നവമാധ്യമ ശില്പശാല തൃശൂർ കിലയിൽ വച്ച് നടന്നു.

വിവിധ വകുപ്പുകളിൽ നിന്നായി 55ഓളം പേർ ശില്പശാലയിൽപങ്കെടുത്തു.

നവമാധ്യമ രംഗത്ത് പ്രഗൽഭരായ റീസോർസ് ഉദ്ധ്യോഗസ്ഥർക്ലാസുകൾ നയിച്ചു . പ്രിൻസിപ്പൽ ഡയറക്ടർ രാജമാണിക്യം ഐ എ എസ് ,കിലഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു സംസാരിച്ചു.






# ആസൂത്രണ പ്രക്രിയകളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കരുത്തുറ്റതാക്കും

### ബാലസൗഹൃദ തദ്ദേശ ഭരണം, ശാക്തീകരണത്തിന്റെ വഴികളിലൂടെ ...

യുനിസെഫുമായി സഹകരിച്ച്, കിലയുടെ നേതൃത്വത്തിലുള്ള' കേരളത്തിലെ ബാലസൗഹൃദ തദ്ദേശ ഭരണത്തിന്റെ ശാക്തീകരണം 'എന്ന പദ്ധതിയിലൂടെ വികസിപ്പിച്ച, വിജയകരമായ ഒരു മാതൃക കിലയിലൂടെ രാജ്യത്തിന് മാതൃകയാക്കാനും മറ്റ് സംസ്ഥാനങ്ങൾക്ക് എളുപ്പത്തിൽ സ്വീകരിക്കാനും കഴിയുമെന്ന ലക്ഷ്യത്തോടെ 2023 ജൂലൈ മുതൽ കില ഒരുപാടു പ്രവർത്തനങ്ങൾ വിജയകരമായിപൂർത്തിയാക്കി.

പദ്ധതിക്കായി ഒരു റോഡ്മാപ്പ് വികസിപ്പിക്കുന്നതിനായി2023 ഓഗസ്റ്റ് 7ന് കില ആസ്ഥാനത്ത് ഒരു ബ്രയിൻസ്റ്റോമിങ് ശിൽപശാല നടന്നു.കേരളത്തിലെ ശിശുസൗഹൃദ തദ്ദേശ ഭരണത്തിലെ വിവിധ വകുപ്പുകളിൽനിന്നുള്ളവർ പങ്കെടുക്കുന്ന ഒരു സ്റ്റേക്ക് ഹോൾഡർ മാപ്പിംഗ് വർക്ക് ഷോപ്പ് 2023 സെപ്റ്റംബർ 8ന് നടന്നു.

കില, യുണിസെഫ്, വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, മിഷനുകൾ, കൂടാതെ 144 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ, ബാലസൗഹൃദപ്രാദേശിക ഭരണ സംസ്ഥാനതല കൺസോർഷ്യം സെപ്റ്റംബർ 14 തിരുവനന്തപുരത്തെ അപ്പോളോ ഡിമോറയിൽ ഒത്തുചേർന്നു.

ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും പ്രതിനിധികളും ചേർന്ന് ചർച്ചകൾക്ക് നേതൃത്വം നൽകി.കുട്ടികളുടെ പല മേഖലയിലുള്ള സംരക്ഷണത്തിന് വേണ്ടി 11 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

എസ്ഡിജിയെ അടിസ്ഥാനമാക്കിയുള്ള ജില്ലാകർമപദ്ധതിയുടെ രീതിശാസ്ത്രം പുനഃപരിശോധിക്കുക എന്ന വിഷയത്തിൽശില്പശാല നടന്നു.



സെപ്റ്റംബർ 18, 19, 25 തീയതികളിൽ നടന്ന വർക്ക്ഷോപ്പുകളുടെ ഫലമായി ഡിപിഎസിക്കുള്ള ഹാൻഡ്ബുക്കുകൾ, പരിശീലനമൊഡ്യൂളുകൾ, ഹാൻഡ് ബുക്കുകൾ എന്നിവ വികസിപ്പിച്ചെടുക്കുകയും ടഉഏസൂചകങ്ങളെ അടിസ്ഥാനമാക്കി ഒരു ശിശു സൗഹൃദസൂചികവികസിപ്പിച്ചെടുക്കുകയും, .ശിശുസൗഹൃദ പ്രാദേശിക ഭരണംപ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകൾ അഭിസംബോധന ചെയ്ത്വികസിപ്പിച്ച അപ്രോച് പേപ്പറുകൾ രൂപീകരിക്കുകയും ചെയ്തു.

### ലിംഗ സമത്വത്തിന് : ജെൻഡർ സ്കൂൾ ഫോർലോക്കൽ ഗവർണൻസ്

കേരളത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ലിംഗ നീതിയും സ്ത്രീശാക്തീകരണവും സാധ്യമാക്കുന്നതിന് നിരവധി ശ്രമങ്ങൾനടന്നിട്ടുള്ളതാണ്.എന്നാൽ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കുന്നതിന് ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

പ്രാദേശിക തലത്തിൽ ഈ രംഗത്തെ വികസന വിടവുകൾ മനസ്സിലാക്കുന്നതിനും പരിഹാര നിർദ്ദേശങ്ങളും ദീർഘ ഹൃസ്വകാല ലക്ഷ്യങ്ങളും തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലിംഗ പദവി പഠനം നടത്തി വരുന്നു. ഇത്തരത്തിൽ പഠനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കില അക്കാദമിക പിന്തുണ നൽകി വരുന്നുണ്ട്.

ലിംഗപദവി പഠനത്തിനായി പ്രവർത്തന മാർഗരേഖ കില തയ്യാറാക്കുകയും ഇത് പ്രകാരംതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷർ, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഐ.സി.ഡി. എസ്സ് സൂപ്പർവൈസർ, CWF, CDSചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് ആദ്യഘട്ടഏകദിന പരിശീലനം നടത്തുകയുണ്ടായി. ഇതിനെ തുടർന്ന് തദ്ദേശസ്ഥാപനതലത്തിൽ രൂപീകരിച്ച അക്കാദമിക ,പഠന സംഘങ്ങൾക്ക് ത്രിദിന പരിശീലനം നടത്തി വരുന്നു.

ജെന്റർ ആശയങ്ങൾ പരിചയപെടുത്തുന്നതോടൊപ്പംലിംഗപദവി പഠനത്തിന്റെ പ്രക്രിയ, സമീപനം,രീതിശാസ്ത്രം, ഉപാധികൾ എന്നിവ സംബന്ധിച്ച കാര്യങ്ങളും ഈ പരിശീലനത്തിൽ ഉൾപെടുത്തിയിട്ടുണ്ട്.

പ്രായോഗിക തലത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിൽ പഠനം നടത്തുകയുംഅതിനെ തുടർന്ന് സമഗ്ര പദ്ധതി രൂപീകരിക്കുന്നതിനും, വനിതാ ഘടക പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്ന തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ പരിശീലനത്തിന്റെ ലക്ഷ്യം.

ജെൻഡർ സ്റ്റാറ്റസ് സ്റ്റഡി 2023-24 വാർഷിക പദ്ധതിയിൽ 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജെൻഡർ സ്റ്റാറ്റസ് സ്റ്റഡി പദ്ധതി വെക്കുകയും കിലയോട് അക്കാദമിക സഹായംആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ കോൺസപ്പ്റ്റ് നോട്ട്,പ്രോജക്ട് മോഡൽ, ചോദ്യവലികൾ, വിശകലനങ്ങൾ എന്നിവ തയ്യാറാക്കി പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു.

പരിശീലനം 2023ജൂലൈ ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നു.തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പഠനം നടത്തി വരുന്ന മുറയ്ക്ക് വിശകലനപരിശീലനം ലഭ്യമാക്കുന്നതാണ്.

### കാലാവസ്ഥാ പാർലമെന്റ്

കാലാവസ്ഥ പാർലമെന്റിന്റെ ഭാഗമായി, ദുരന്തനിവാരണം, ഉൽപ്പാദനം, കാലാവസ്ഥാ വ്യതിയാനം, മാലിന്യ സംസ്കരണം, ആരോഗ്യം, സുസ്ഥിര വിനോദസഞ്ചാരം, പിആർഎ ടൂളുകൾ തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാം ബാച്ച് പരിശീലനം മലപ്പുറം, എറണാകുളം, ഇടുക്കി ജില്ലകളിലെ സന്നദ്ധ പ്രവർത്തകർക്കായി നടത്തി.

കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പരിപാടിയിൽ സാന്നിധ്യം അറിയിച്ചു.

മാലിന്യ രഹിത സംസ്ഥാനം നവകേരളം എന്ന കേന്ദ്ര പ്രമേയം ചർച്ച ചെയ്യുന്നതിനായി മോക്ക് കേരള പൊളിറ്റിക്കൽ പാർട്ടി മീറ്റ് നടത്തി.

# നീർത്തടാധിഷ്ടിത വികസനവും അറിവും സുസ്ഥിരമാക്കും

## വികേന്ദ്രീകരണ വികസനത്തിന് വഴി കാട്ടിയാവാൻ കില പുസ്തകങ്ങൾ



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കേരളീയം 2023 ലെതദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെമിനാർ പരിപാടിയിൽ കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള 25 പുസ്തകങ്ങൾപ്രകാശനം ചെയ്തു.

പുസ്തകങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബിരാജേഷും പാനൽ ചർച്ചാ അംഗങ്ങളും ചേർന്ന് പ്രകാശനംചെയ്തു.പട്ടികവർഗക്കാർ, പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ, സ്കൂൾവിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക നീതി എന്നിവയിൽഅധികാരവികേന്ദ്രീകരണത്തിന്റെ സ്വാധീനം ഉൾപ്പെടെ വിവിധ വിഷയങ്ങൾപുസ്തകങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളിൽ SDC-CapDecK പ്രോഗ്രാം,കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ വനിതാ ഘടകപദ്ധതി, കില സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവയുടെ അനുഭവങ്ങളും ഉൾക്കൊള്ളുന്നു.,

പുസ്തകങ്ങൾ കേരളത്തിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ(എസ്ഡിജി) പ്രാദേശികവൽക്കരണത്തിന്റെ അനുഭവ കഥകൾ ഡോക്യുമെന്റ് ചെയ്യുകയും എസ്ഡിജികൾ കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെപുരോഗതിയെക്കുറിച്ചുള്ള ഒരു ഫാക്ട് ഷീറ്റ് നൽകുകയും ചെയ്യുന്നു.എസ്ഡിജികൾ കൈവരിക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പുരോഗതിട്രാക്കുചെയ്യുന്നതിന് കില വികസിപ്പിച്ച ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്കും (എൽഐഎഫ്) പരിപാടിയിലൂടെ പ്രകാശനം ചെയ്തു.



23പുസ്തകങ്ങൾ കില തയ്യാറാക്കി രചിച്ചതാണ്, ബാക്കി രണ്ടെണ്ണം വിദഗ്ധരിൽ നിന്ന് കമ്മീഷൻ ചെയ്തതാണ്.

കേരളത്തിലെ വികേന്ദ്രീകരണവുംവികസനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കിലയുടെ ശ്രമങ്ങളിലെ സുപ്രധാനനാഴികക്കല്ലാണ് ഈ പുസ്തകങ്ങളുടെ പ്രകാശനം. പുസ്തകങ്ങൾനയരൂപകർത്താക്കൾക്കും ഗവേഷകർക്കും പ്രാക്ടീഷണർമാർക്കും ഉൾക്കാഴ്ചകൾ നൽകുകയും വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കുമെത്താൻ സഹായിക്കുകയും ചെയ്യും. കിലയുടെ (kila.ac.in) വെബ്സൈറ്റിൽ പുസ്തകങ്ങൾ ലഭ്യമാണ്.

### നീർത്തടാധിഷ്ഠിത വികസനം

ഗ്രാമ പഞ്ചായത്തുകൾക്കുള്ള പരിശീലനത്തിന് തുടക്കമായി.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ജലസമൃദ്ധമായ ഗ്രാമം എന്നലക്ഷ്യത്തെ കൈവരിക്കുന്നതിന് വേണ്ടികേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നി വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളപരിശീലന പരിപാടി കിലയുടെ അട്ടപ്പാടി സെന്റർ ഫോർ ട്രൈബൽഡെവലപ്മെന്റ് ആൻഡ് നാചറൽ റിസോഴ്സ് മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽവച്ച് തുടക്കമായി.സെപ്റ്റംബർ 19 മുതൽ 22 വരെയായിരുന്നു ആദ്യ ബാച്ച്.നീർത്തടാധിഷ്ഠിത വികസനം : പ്രാഥമിക പാഠങ്ങളും അനുഭവങ്ങളുടെനേർക്കാഴ്ചകളും എന്ന പരിശീലന പരിപാടിയിൽ നീർത്തട പരിപാലനസാധ്യതകൾ , നീർമറി,എം ജി എൻ ആർ ജി എ സംയോജന സാധ്യതകൾ ,നീർമറിവികസനം എന്ത് ? എന്തിന്?, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, നേർക്കാഴ്ചകൾ ഫീൽഡ് വിസിറ്റ്, ഗ്രൂപ്പ് അവതരണങ്ങൾ, ഗ്രൂപ്പ് ചർച്ച ,സംശയ നിവാരണം, വിദഗ്ധ പാനലുമായിട്ടുള്ള ചർച്ച എന്നിവയാണ് ഉൾപെടുത്തിയിരിക്കുന്നത്. മൂന്നര ദിവസം നീണ്ടു നിൽക്കുന്ന പരിശീലനപരിപാടിയിൽ നേർക്കാഴ്ചയിലൂടെയുള്ള നീർത്തട വികസന പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്ന രീതിയിലായിരുന്നു ക്രമീകരണം.

നീർത്തടാധിഷ്ഠിത വികസന പരിശീലനത്തിൽ പ്രധാനമായും പങ്കെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനപ്രതിനിധികൾ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺസ്, മറ്റ് വർക്കിങ് ഗ്രൂപ്പ് അംഗങ്ങൾ, ഡിപ്പാർട്ടമെന്റ് ഉദ്യോഗസ്ഥർ, എം.ജി.എൻ.ആർ.ജി.എ എഞ്ചിനീയർ, ഓവർസീർ എന്നിവരാണ്.

ഗ്രാമ പഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പരിസ്ഥിതി സംരക്ഷണം, മണ്ണ്ജല സംരക്ഷണം, നീർത്തടവികസനം എന്നിവയിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ വിഷയാധിഷ്ഠിതലക്ഷ്യമായ 'ജല സമൃദ്ധമായ ഗ്രാമം' എന്ന ലക്ഷ്യം കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം. സെപ്റ്റംബർ മുതൽ ഒക്ടോബർവരെ, 5 പരിശീലനങ്ങളുടെ ബാച്ചുകളും, 117 അംഗങ്ങളും 37 റിസോഴ്സ് പേഴ്സൺസ്മാരും, 18 ഗ്രാമ പഞ്ചായത്തുകളും പങ്കെടുത്തു.



### ഫിനാൻസ് മാനേജ്മെന്റ് പരിശീലനം നടന്നു

ജില്ലാ പഞ്ചായത്തുകളിൽ അക്കൗണ്ട് കൈകാര്യം ചെയ്യുന്നജീവനക്കാർക്കായുള്ള മൂന്ന് ദിവസത്തെ ഫിനാൻസ് മാനേജ്മെൻറ് പരിശീലനം 25നു കില ഒരു കമ്പ്യൂട്ടർ ലാബിൽ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എസ് ജോസ്ന ആമുഖ പ്രഭാഷണം നടത്തി.

എല്ലാ ജില്ലാപഞ്ചായത്തുകളിൽനിന്നുമായി 25 പരിശീലനാർത്ഥികൾ പങ്കെടുത്തുവരുന്നു. കിലഡയറക്ടർ ഡോ. ജോയ് ഇളമൺ പരിപാടിയിൽ സാന്നിധ്യം അറിയിച്ചു .




# അറിയണം, അറിവ് പകുത്തു നൽകി വളരണം നാം



## കില ബുള്ളറ്റിൻ പുന പ്രസിദ്ധീകരണം

സർക്കാരിന്റെ കേരളീയം പരിപാടിയുടെ ഭാഗമായി കിലയുടെപുനപ്രസിദ്ധീകരിച്ച ബുള്ളറ്റിൻ പ്രകാശനം ചെയ്തു.തിരുവനന്തപുരം സെൻട്രൽസ്റ്റേഡിയത്തിൽ വച്ചു നടന്ന പരിപാടിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

ഡോ. ടി. എം. തോമസ് ഐസക്, ഡോ.എസ്. എം. വിജയാനന്ദ്, ഐ.എ.എസ് (റിട്ട), ഡബ്ല്യു. ആർ. റെഡ്ഡി, ഐ. എ.എസ്,സുനിൽകുമാർ ഐ. എ. എസ് (റിട്ട ), ഉമ മഹാദേവൻ, ഐ എ. എസ്, ഡോ. ജിജുപി. അലക്സ്, ഡോ. സി. ജോർജ് തോമസ്, കില ഡയറക്ടർ. ജോയ് ഇളമൺ, സജിത് സുകുമാരൻ, റോയിമോൻ കെ. എന്നിവർ പങ്കെടുത്തു.

## കില ആക്ഷൻ എയ്ഡ് അസോസിയേഷൻ പരിപാടി നടന്നു

കില ആക്ഷൻ എയ്ഡ് അസോസിയേഷൻ & റോസ ലക്സംബർഗ് എസ്. അൺ പാക്കിങ് ദി അർബൻ റൂറൽഎന്ന പരിപാടിയിലൂടെ അർബൻ ആക്ഷൻ സ്കൂൾ, ഘടനകൾ, സ്പെഷ്യാലിറ്റി, മൊബൈലിറ്റി, ഐഡന്റിറ്റി എന്നിവയുടെ ചർച്ചയിലൂടെഅവയുടെ പ്രവർത്തനം പഠിക്കുന്നതിനും.

ഗ്രാമീണ നഗര മേഖലകളിലെ കാർഷികപ്രശ്നങ്ങൾ, തൊഴിൽ, കുടിയേറ്റം, ഭൂമി കയ്യേറ്റം, സാധാരണക്കാരുടെ പ്രശ്നങ്ങൾ, ഗ്രാമ-നഗര-പ്രാദേശിക വളർച്ചയുടെ വിവിധ മാതൃകകൾ ഉൾപ്പെടെയുളളവ ചർച്ച ചെയ്യുക എന്നതും ഈ പരിപാടിയിലൂടെയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്.

ഗ്രാമീണ നഗര മേഖലകളിലെ വികസനത്തിന്റെയും വീക്ഷണങ്ങളിലൂടെയും അടിസ്ഥാനപ്പെടുത്തി ചർച്ച നടത്തു കയുമാണ് ഈ പരിപാടിയിലൂടെ കിലയും ലക്ഷ്യമിടുന്നത്.



www.kila.ac.in




## ലൈബ്രേറിയന്മാരുടെ കമ്പ്യൂട്ടർ പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈബ്രേറിയന്മാരുടെ കമ്പ്യൂട്ടർ പരിജ്ഞാനം മെച്ചപ്പെടുത്തി കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും.

അതിലൂടെ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ലൈബ്രേറിയന്മാർക്കായി കില വിഭാവനം ചെയ്തിരിക്കുന്ന നാല് ദിന കമ്പ്യൂട്ടർ പരിശീലന പരിപാടി കിലയിൽ നടന്നു. നൂറ്റിയറുപതോളം ലൈബ്രേറിയന്മാരുടെ പരിശീലനവും ഇതുവരെ പൂർത്തീകരിച്ചു.







# വിദ്യാർത്ഥികളിൽ വായനാശീലം വളർത്തിയെടുക്കാൻ ലൈബ്രറികൾ അനിവാര്യം





## വായനാവാരാഘോഷം സംഘടിപ്പിച്ചു

കിലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പൊളിസി ആൻഡ് ലീഡർഷിപ്പ് കോളേജിൽ ദേശീയ വായനാ വാരത്തോടനുബന്ധിച്ച് ജൂൺ 21ന് ക്വിസ് മത്സരം സംഘടിപ്പിച്ചു.

ലോക്കൽ ഗവർണൻസ്, പബ്ലിക് പോളിസി, സോഷ്യൽ എൻട്രപ്രണർഷിപ്പ് എന്നീ ഡിപ്പാർട്മെന്റുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരം ഐ പി എൽ ഡയറക്ടർ ഡോ. എ അശോകൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠന രീതിയിൽ വിദ്യാർത്ഥികൾ വായനാ ലോകം വിപുലപ്പെടുത്തണമെന്ന് അദ്ദേഹം അഭിപ്രായപെട്ടു.

സജ്ന മഠത്തിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ. ശിവ പ്രസാദ് വയനാദിന സന്ദേശം നൽകി. കെ ഗണേശൻ സ്വാഗതവും കെ കെ രവി നന്ദിയും പറഞ്ഞു.

## ലഹരി വിരുദ്ധ ദിനം ആചരിച്ചു

ഐ.പി.എൽ കിലയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചാരിച്ചു. തളിപ്പറമ്പ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസിൽ സംഘടിപ്പിച്ച ചടങ്ങിൽ ലഹരി വിരുദ്ധ പോസ്റ്റർ ഇ.ടി.സി കില പ്രിൻസിപ്പൽ പി. എം രാജീവ് പ്രകാശനം ചെയ്തു. ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ചും ലഹരി ഉപയോഗിക്കുന്നവരുടെ സമീപനത്തെക്കുറിച്ചും ചികിത്സയുടെയും കൗൺസിലിംഗിന്റെയും പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം കുട്ടികളോട് പങ്കു വച്ചു. ഉഘഏ വിദ്യാർത്ഥിയായ പി. എസ് ആരോമൽ തയ്യാറാക്കിയ. പോസ്റ്ററിൽ വിരലടയാളം പതിപ്പിച്ചുകൊണ്ട് കുട്ടികളും അധ്യാപകരും ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. റോണോ മേരി പ്രതിജ്ഞ ചൊല്ലി കൊടുക്കയും, ഷാദിയ, കെ ഗണേശൻ എന്നിവർ ലഹരി വിരുദ്ധ ഗാനം ആലപിക്കുകയും ചെയ്തു. സി അശ്വിനി സ്വാഗതവും പി അശ്വിൻ നന്ദിയും പറഞ്ഞു. ഐ പി പി എൽ അധ്യാപകരും അനധ്യാപകരും ചടങ്ങിന് നേതൃത്വം നൽകി.



## ഓറിയന്റേഷൻ പ്രോഗ്രാം നടന്നു

കണ്ണൂർ സർവകലാശാലയുടെ അംഗീകാരത്തോടെ കിലയുടെ കീഴിൽ തളിപ്പറമ്പ് കരിമ്പം ക്യാമ്പസിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ഡെവലപ്പ്മെന്റ് എന്ന കോളേജിൽ നടന്നു വരുന്ന മൂന്നു ബിരുദാനന്തര ബിരുദ കോഴ്സ് വിധ്യാര്ത്തികൾക്ക് ഉള്ള ദ്വി ദിന പ്രഥമ ഓറിയന്റെഷൻ പ്രോഗ്രാം സെപ്റ്റംബർ 29 ന് കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊ.ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു . രണ്ടു ദിവസം വിവിധ സെക്ഷനുകളിലായി ' പൊതു ധനകാര്യവും പൊതു നയവും ' എന്നാ വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിട്യൂട്ടിന്റെ മുൻ ഡയറക്ടർ പ്രൊ. ഡി. നാരായണയും, ലിംഗ നീതിയും വികസനവും എന്ന വിഷയത്തിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ പ്രൊ. മിനി സുകുമാറും ക്ലാസുകൾ നയിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ ഐ. പി. എൽ ഡയറക്ടർ ഡോ. എ അശോകൻ അധ്യക്ഷത വഹിച്ചു. ഡി. എൽ. ജി. വിഭാഗം മേധാവി സി. വിനോദ് കുമാർ സ്വാഗതവും പി. പി. ഡി വിഭാഗം മേധാവി ഡോ. ആർ. എം അമൃത് രാജ് നന്ദിയും പറഞ്ഞു.

കേരളത്തിൽ പോളിസി രൂപീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് മൂന്ന് ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിന് നേതൃത്വം കൊടുക്കുന്ന'കിലയെ' വൈസ് ചാൻസലാർ അഭിനന്ദിച്ചു.

രണ്ടാം ദിവസമായ സെപ്റ്റംബർ 30 ന് 'ആഗോള വത്കരണ പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. സി. വീരമണി, 'കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണവും പ്രാദേശിക ഭരണവും' എന്ന വിഷയത്തിൽ ടി. ഗംഗാധാരൻ, 'നിയമവും സമൂഹവും' എന്ന വിഷയത്തിൽ ഡോ വി. പി. പി മുസ്തഫ എന്നിവർ ക്ലാസുകൾ നയിച്ചു.

സമാപന സമ്മേളനത്തിൽ പ്രൊ. വൈസ് ചാൻസലാർ പ്രൊ. എ സാബു 'ജൈവ സാങ്കേതിക വിദ്യയും കാലാവസ്ഥ വ്യതിയാനവും' എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു.

## കില തളിപ്പറമ്പ് കാമ്പസ് കെട്ടിടോദ്ഘാടനം

ഇന്റർനാഷണൽ സെന്റർ ഫോർ ലീഡർഷിപ്പ് സ്റ്റഡിസ് തളിപ്പറമ്പ് കാമ്പസിന്റെ ട്രെയിനിങ് ബ്ലോക്കിന് ഒന്നാം ഘട്ടമായി അനുവദിച്ച 4.25 കോടി രൂപയുടെ കെട്ടിടത്തിന്റെ പ്രവൃത്തി ഉദഘാടനം ജൂലൈ 7ന് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. എം. കൃഷ്ണന്റെ അധ്യക്ഷതയിൽ എം. വി ഗോവിന്ദൻ മാസ്റ്റർ എം. എൽ. എ നിർവഹിച്ചു. ചടങ്ങിൽ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ സ്വാഗതം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ മുഖ്യാതിഥി ആയിരുന്നു.

ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ആശംസ പ്രസംഗം നടത്തി. സംഘടക സമിതി കൺവീനർ അഡ്വ. ഹംസ കുട്ടി ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.





# കിലയിലെ രുചിക്കൂട്ടിന്റെ റാണിമാർ ദാ ഇവിടെ

'ഇന്ന് 600 പേരുണ്ട്, ഇരുന്നു സംസാരിക്കാൻ നേരമില്ല ഇഞ്ചി അരിഞ്ഞു കൊണ്ട് ഗ്രേസി ചേച്ചി പറഞ്ഞുതുടങ്ങി.' '15 വർഷക്കാലമായി ഞാൻ ഇവിടെ വന്നിട്ട് ഭക്ഷണം മോശമാണെന്ന തരത്തിലുള്ള പരാതികൾ ഒന്നും തന്നെ വന്നിട്ടില്ല.

'എത്ര കണക്കനുസരിച്ച് പാചകം ചെയ്താലും മുൻകൂട്ടി കണ്ടുകൊണ്ട് ഒരുപിടിയരി അധികം വയ്ക്കാറുണ്ട് വന്നിട്ട് ആരും വിശന്നുപോകരുതെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്...'

കരാർ അടിസ്ഥാനത്തിൽ കിലയുമായി പ്രവർത്തിച്ചുവരുന്ന കാന്റീന് അതേ വയസ്സാണ്. കിലയിലെ അന്തേവാസികൾക്കും, ട്രെയിനിംഗ് പരിപാടികൾക്കും വരുന്നവർക്കയീ ഭക്ഷണം ഒരുക്കുന്നത് കിലയിലെ കാന്റീൻ ആണ്. 90കളിൽ ആരംഭിച്ച കാന്റീൻ 33 വർഷക്കാലമായി കിലയുടെ രുചികൂട്ടായി തുടരുന്നു. അത് കൊണ്ട് തന്നെ കിലയുടെ ചരിത്രതാളുകളിലെ പ്രധാനപ്പെട്ട ഒരധ്യായമാണ് ഈ കാന്റീനും.

## കുടുംബശ്രീയിൽ നിന്നും വിജയത്തേരിലേക്ക്

പല കുടുംബശ്രീകളിൽ പ്രവർത്തിച്ചു വന്നിരുന്ന ഇവർ കിലയുടെ കാന്റീൻ പ്രവേശനത്തിലൂടെയാണ് ഒരൊറ്റ കുടുംബശ്രീയായി മാറിയത് .അങ്ങനെ കിലയുടെ കാന്റീൻ കുടുംബശ്രീ 'വിജയശ്രീ കുടുംബശ്രീ ' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി .കിലയുടെ സെക്ഷനുകളായി നടന്ന പാചക ട്രെയിനിംഗ് കഴിഞ്ഞ തിരഞ്ഞെടുത്ത വിദഗ്ദ്ധരായ പാചക തൊഴിലാളികളാണ് ഇവിടെ ഉള്ളത്. ' എത്ര പേർക്ക് വേണമെങ്കിലും ഭക്ഷണം വയ്ക്കാൻ നമ്മൾ തയ്യാറാണ്, അത് നൂറു പേരായാലും ശരി അഞ്ഞൂറായാലും ശരി ' കില കാന്റീനിലെ പ്രധാന പാചകക്കാരിയായ ബിന്ദു ചേച്ചി ആത്മ വിശ്വാസത്തോടെ പറഞ്ഞു. കാന്റീനിന്റെ കൺവീനർ ആയി ശ്രീജ രവിയും ജോയിന്റ് കൺവീനർ ആയി ഗ്രേസി ഡേവിസും പ്രവർത്തിക്കുന്നു.

## പുട്ടും കടലയുമൊണ്ട് വറുത്ത മീനൊണ്ട് പൊരിച്ച ചിക്കനൊണ്ട്

കിലയിൽ വന്ന് കാന്റീനിൽ നിന്ന് ഭക്ഷണം കഴിച്ചവർ ആരും തന്നെ ഭക്ഷണത്തെക്കുറിച്ച് പ്രശംസ പറയാതിരിക്കില്ല. ദിനവും കിലയിലെ അന്തേവാസികൾക്കായി ആറുമണിക്ക് ബെഡ് കോഫി, എട്ടുമണിക്ക് പുട്ടോ, കടലയോ, ഇഡലിയോ സാമ്പാറോ അടങ്ങുന്ന പ്രഭാത ഭക്ഷണം. പത്തുമുപ്പതിന്റെ ഇടവേള നേരത്ത് ചായ, കാപ്പി ബിസ്ക്കറ്റും. സാമ്പാർ, കൂട്ടുകറി, തോരൻ, പപ്പടം, പായസം രസം, കൂടാതെ മീൻ പൊരിച്ചതും ചിക്കൻ വറുത്തതും തുടങ്ങി വിഭവസമൃദ്ധമായ ഉച്ചയൂണും. വൈകുന്നേര ചായയ്ക്ക് ചായ, കാപ്പി ക്കൊപ്പം ചായ കടിയായി ഉഴുന്ന് വടയോ, പരിപ്പുവടയോ അടങ്ങുന്ന എണ്ണകടികൾ ലഭ്യമാണ് .രാത്രി അത്താഴത്തിന് ചപ്പാത്തിയുമാണ് മെനുവിൽ അടങ്ങുന്നത്.





## ദേശീയ രുചികൾ

വിഭവ സമൃദ്ധമായ വിദേശി ഭക്ഷണവും ട്രെയിനിങ്ങിന് വരുന്നവർക്കായി ഇവിടെ ഇവർ ഒരുക്കുന്നുണ്ട്.സാധാരണം, ദേശീയം, അന്തർദേശീയം എന്നിങ്ങനെയാണ് മെനു തരംതിരിച്ചിട്ടുള്ളത്. സാധാരണ മെനുവിൽ മേൽ പറഞ്ഞ വിഭവങ്ങളാണ് ഉൾകൊള്ളുന്നത്.ചൈനീസ് വിഭവങ്ങളും ദാൽ, പനീർ, ചപ്പാത്തി,ഫ്രൈഡ് റൈസ്,ഗോപി മന്ജൂരി, ബിരിയാണിയും അടങ്ങിയ വ്യത്യസ്ത തരം മെനുവും വിദേശികൾക്കായി കില കാന്റീനിൽ ഒരുക്കിയിട്ടുണ്ട് .

## ഫുഡ് 'വേസ്റ്റ്' ആവില്ല

ഒരുപാടു സ്ഥലങ്ങളിൽ കണ്ടു വരുന്ന പ്രവണതയാണ് ഭക്ഷണം മാലിന്യമായി മാറുന്നത്. ഭക്ഷണം മതി എന്ന് പറയുന്നത് വരെ വിളമ്പുന്നതാണ് കില കാന്റീൻ സ്റ്റൈൽ. എന്തുകൊണ്ടെന്നാൽ വിശപ്പ് മാറിയില്ല എന്ന പരാതിയും വരാൻ പാടില്ല കൂടി പോയി എന്ന പരാതിയും വരാൻ പാടില്ല. പക്ഷെ കറിവേപ്പില കറിവേപ്പില തന്നെയാണെന്ന പോലെ മിച്ചംവരുന്നഭക്ഷണം ഇവിടെ മാലിന്യമാകുന്നില്ല പകരം പന്നി ഫാമിലേക്കും ബയോഗ്യാസ് പ്ലാന്റിലേക്കുമാണ് ഉപയോഗപെടുത്തുന്നത്.. അത് കൊണ്ട് തന്നെ ' ഫുഡ് ഇവിടെ വേസ്റ്റ് അല്ല.

## കാന്റീനിന്റെ കൈപുണ്യം

ഇരുപത്തിയാറു പേരടങ്ങുന്ന സ്ത്രീ സംഘമാണ് കാന്റീനിന്റെ കൈപ്പുണ്യം. കാന്റീനിന്റെ അകത്തു നടക്കുന്ന പാചക പണികൾ മാത്രമല്ല, പുറത്തുള്ള ട്രെയിനിംഗ് ചായ കൗണ്ടറുകളിലെ വാളണ്ടിയർമാരും ഇവർ തന്നെയാണ്.



സുധ നാരായണൻ, വിനീത മണി, ബിന്ദു ബാലൻ, ഷീല വിജയാൻ, ശ്രീജ രവി, ഗ്രേസി ഡേവിസ് എന്നിവർ 12,13 വർഷമായി ഇവിടെതുടരുന്നു. രണ്ടു പാചക പണിക്കാരും, മറ്റുള്ളവരെല്ലാം പാചകസഹായികളുമാണ്. ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ, തുടങ്ങി വിശേഷ ദിവസങ്ങളിൽ, സദ്യ അടങ്ങുന്ന അതത് ദിനങ്ങൾ സംബന്ധപ്പെട്ട വിഭവങ്ങളും ഇവിടെ ഒരുക്കുന്നു.

'കിട്ടുന്ന കൂലിക്കും ചെയ്യുന്ന പണിക്കും ഇവിടെ ഞങ്ങൾ എല്ലാവരും സംതൃപ്തരാണ്. 'ഗ്രേസിചേച്ചി പറഞ്ഞുനിർത്തി. ആരോഗ്യകരമായ ഭക്ഷണത്തിനൊപ്പം രുചികൂട്ടിലെ ഈ റാണിമാരെപ്പോലെ ഒരുപാടുപേരുടെ ജീവനോപാധി കൂടിയാണ് കില കാമ്പസ്.

# വായനക്കാരുടെ ചോദ്യവും അവയ്ക്കുള്ള ഉത്തരവും

ചോദ്യം:കന്യാസ്ത്രീ മഠത്തിൽ താമസിക്കുന്ന ഏതാനും കന്യാസ്ത്രീകൾ വാർദ്ധക്യകാല പെൻഷനു വേണ്ടി അപേക്ഷിച്ചിരുന്നു. അപേക്ഷപരിഗണിക്കാമോ?

ഉത്തരം:കോൺവെന്റിൽ താമസിക്കുന്ന കന്യാസ്ത്രീകൾക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയില്ലെന്ന് സർക്കാർവ്യക്തമാക്കിയിട്ടുണ്ട്.എന്നാൽമതസ്ഥാപനങ്ങളുടെനിയന്ത്രണത്തിലുള്ള മന്ദിരത്തിൽ അല്ല താമസമെങ്കിൽ അവർമറ്റു വിധത്തിൽ അർഹമാണെങ്കിൽ അവർക്ക്സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ്.(GO (MS) 30/2023/Fin dtd. 27.02.2023)

2) ചോദ്യം:140 ച. മീറ്റൽ ബിൽറ്റ് അപ്പ് ഏരിയ ഉള്ള ഒരു വാസഗൃഹം (Residential Building) പണിയുന്നതിനായി നഗരസഭയിൽ നിന്നുംബിൽഡിംഗ് പെർമിറ്റ് വാങ്ങിയിരുന്നു. പണിപൂർത്തീകരിച്ചപ്പോൾ 162 ച.മീറ്ററായി കെട്ടിടം പണി റഗുലൈസ് ചെയ്യണമെന്നു മുനിസിപ്പാലിറ്റിയിൽ നിന്നും പറയുന്നു. ചട്ടങ്ങളുടെ ലംഘനമില്ല. എന്താണ് ചെയ്യേണ്ടത്? ഫീസ് ഏത് നിരക്കിൽ അടയ്ക്കണം?

ഉത്തരം:അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് പണിനടത്തിയിട്ടുള്ളത്. അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച്പണി നടത്തുന്നതിന് നഗരസഭയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതായിരുന്നു.കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമില്ലാത്തതിനാൽനടത്തിയ നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണ്.പെർമിറ്റിൽ നിന്നും അധികരിച്ച ഭാഗത്തിനു (ഇവിടെ 22ച.മീറ്റർ) രണ്ടിരട്ടി ഫീസ് അടയ്ക്കണം. എന്നാൽ ഫീസ് നിരക്ക് 162 ച.മീറ്ററിനും ബാധകമായ സ്ലാബിലാണ്അടയ്ക്കേണ്ടത്. അതായത് 151300 ാ 2 ന് ബാധകമായനിരക്കായ ഒരു ച.ാ100 രൂപ നിരക്ക് (സർക്കാരിന്റെ31.03.2023 ലെ (കൈ) 85/2023/ഘടഏള നമ്പർ ഉത്തരവിലെ സ്ലാബ്നിരക്ക്.

3) ചോദ്യം:സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം അവിവാഹിതരായ സ്ത്രീകളുടെ പെൺമക്കൾക്ക് ലഭിക്കുമോ?

ഉത്തരം:ലഭിക്കും.(സ.ഉ (സാധാ) 2592/2015/തസ്വഭവ, 28.08.2015

4) ചോദ്യം:സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ താല്ക്കാലിക അഭാവത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം വിളിച്ചു കൂട്ടുന്നതിനുള്ള ചുമതല ആർക്കാണ്?

ഉത്തരം:സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ താല്ക്കാലികഅഭാവത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള ചുമതല പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിക്കേണ്ടതാണ്.(സർക്കുലർ നം. 11156/എൽ 1/99/ തീയതി 19.06.1999)

5) ചോദ്യം: സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വന്നിരുന്ന ഒരുമാസത്തിലധികമായി ജുഡീഷ്യൽ റിമാൻഡിലാണ് ആവ്യക്തിക്ക് ആ കാലയളവിലെ പെൻഷൻ ലഭിക്കുമോ?

ഉത്തരം:സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് ഒരു മാസമോഅതിലധികമോ കാലം റിമാൻഡിൽ കഴിയുകയോ/ജയിലിൽഅടയ്ക്കപ്പെടുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. (സ.ഉ(എം.എസ്) നം. 97/2020/ധനതീയതി 23.09.2020)

www.kila.ac.in

KILA News Letter Published by Dr. Joy Elamon, Director General, Kerala Institute of Local Administration, Mulamkunnathukavu(P.O), Thrissur-680 581 (for Private Circulation)